

21-04-2023

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–21/04/2023.

1. സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ കാർഷിക ഉൽപന്നങ്ങൾ കേരൾഅഗ്രോ എന്ന ബ്രാൻഡിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വിപണനം നടത്തുന്ന പരിപാടിക്ക് ഏപ്രിൽ 24 ന് എറണാകുളത്ത് തുടക്കംകുറിക്കുന്നു. കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്ന പരിപാടിയുടെ പ്രചരണാർത്ഥം ജില്ലാ കൃഷിഓഫീസിന്റെ ആഭിമുഖ്യത്തിൽ ചിത്രരചന മത്സരം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായുള്ള ഫോട്ടോഗ്രാഫി മത്സരം നാളെ (21.04.2023) നടക്കുന്നതാണ്. മത്സര വിജയികൾക്ക് 24 ന് നടക്കുന്ന ചടങ്ങിൽ വച്ച് മന്ത്രി പുരസ്കാരങ്ങൾ നൽകുന്നതാണ്. ആമസോൺ, ഫ്ളിപ്കാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയാണ് ആദ്യഘട്ടത്തിൽ ഉൽപന്നങ്ങൾ  വിൽപന നടത്തുന്നത്. കേരളത്തിൻ്റെ കാർഷിക ഉൽപന്നങ്ങൾക്ക് വിപുലമായ വിപണന സാധ്യതയാണ് ഇതിലൂടെ ലഭ്യമാകുന്നത്.

2. .കൃഷിവകുപ്പിന്റെ കഴക്കൂട്ടം തെങ്ങിൻ തൈ ഉൽപാദന കേന്ദ്രത്തിൽ നാടൻ (WCT), സങ്കരയിനം (TxD) തെങ്ങിൻതൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വിൽപ്പന ആരംഭിച്ചു. ആവശ്യക്കാർ തെങ്ങിൻ തൈ ഉത്പാദന കേന്ദ്രവുമായി നേരിട്ട് ബന്ധപ്പെടണമെന്ന് കഴക്കൂട്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

3. കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും പുറമെ മറ്റു പൊതു മേഖല സ്ഥാപനങ്ങൾ/ കുടുംബശ്രീ/ഫാർമേഴ്സ്/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കൃഷി കൂട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉൾപ്പന്നങ്ങളും ഹോർട്ടി സ്റ്റോറിൽ ലഭ്യമാക്കുന്നതാണ്. സ്റ്റോറുകൾക്ക് കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ടായിരിക്കണം.  സെക്യൂരിറ്റി ഡെപ്പോസിറ്റായി 25,000/ - രൂപ അടയ്ക്കേണ്ടതാണ്. ഹോർട്ടികോർപ്പ് നിർദ്ദേശിക്കുന്ന മാതൃകയിൽ സ്റ്റോറുകൾ ക്രമീകരിക്കേണ്ടതുമാണ്. താൽപര്യമുള്ള സംരംഭകർ 0471 2359651, 9447625776 എന്നീ ഫോൺ നമ്പറുകളിലോ, മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ഉദയഗിരി, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012. എന്ന വിലാസത്തിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

4. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 27-ന് (ഏപ്രിൽ 27) **ശുദ്ധമായ പാൽ ഉൽപാദനം** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്.. താല്പര്യമുള്ളവർ ഈ മാസം 26 - ന് 5 മണിക്ക് മുൻപായി ക്ഷീര പരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ് പട്ടത്ത് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ നേരിട്ടോ **0471 240911** എന്ന ഫോൺ നമ്പറിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക്: https://meet.google.com/qjm-omxm-ygn.

## കാർഷിക നിർദ്ദേശങ്ങൾ

**ജില്ലയിലൊട്ടാകെ വേനൽമഴ ലഭിച്ച സാഹചര്യത്തിൽ മഞ്ഞൾ നടുന്നതിനു അനുയോജ്യമായ സമയമാണിപ്പോൾ.**

മഞ്ഞൾ നടുന്നതിനായി 3 മീറ്റർ നീളത്തിലും 1.2 മീറ്റർ വീതിയിലും 40 സെന്റിമീറ്റർ അകലത്തിലും വാരമെടുക്കുക. വാരങ്ങളിൽ 25 സെന്റിമീറ്റർ അകലത്തിൽ ചെറിയ കുഴിയെടുത്തു മുകളിലേക്ക് മുളവരത്തക്കവിധം മഞ്ഞൾ നട്ടതിനുശേഷം മണ്ണോ ഉണങ്ങിയ ചാണകപൊടിയോ കൊണ്ട് അവ മൂടുക. ഒരു സെന്റിലേക്ക് 600 വിത്ത് ആവശ്യമായിവരും. ഒരു സെന്റിന് 162 കിലോഗ്രാം സമ്പുഷ്ടീകരിച്ച ചാണകമോ, കമ്പോസ്റ്റോ അടിവളമായി ഇട്ടുകൊടുക്കേണ്ടതാണ്. കൂടാതെ 650 കിലോഗ്രാം രാജ്ഫോസ്, 200 കിലോഗ്രാം MOP എന്നിവയും അടിവളമായി നൽകേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം